# കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡ്, എറണാകുളം

നം. എഫ്5 -11903 /19 /khwwb                                        തീയതി:30.04.2020

**സർക്കുലർ നം. 05/2020-21**

വിഷയം: കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡ് എറണാകുളം- കോവിഡ്-19 ലോക്ക് ഡൗൺ ധനസഹായം-വായ്പ സംബന്ധിച്ച് തുടർ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

സൂചന : (1) ബഹു: ബോർഡ് ചെയർമാന്റെ നിർദേശം

(2) സർക്കുലർ നം. 02/2020-21 തീയതി: 20.04.2020

(3)26/3/2020 ലെ ബഹു: തൊഴിൽ വകുപ്പ് മന്ത്രിനൽകിയ നിർദേശം

കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡ് തൊഴിൽ ക്രമീകരണവും ക്ഷേമവും പദ്ധതി (unattached ) യിൽ ഉൾപ്പെട്ട തൊഴിലാളികൾക്ക് ലോക്ക്ഡൗൺ തുടർന്ന് ഉണ്ടായ തൊഴിൽ നഷ്ടം പരിഹരിക്കുന്നതിന് ധനസഹായം നൽകുന്നത് സംബന്ധിച്ച് സൂചന (2) സർക്കുലർ പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു . ടി സർക്കുലറിലെ വായ്പയുമായിബന്ധപ്പെട്ട് തുടർനിർദേശങ്ങൾ താഴെ പറയുന്നതു പ്രകാരം പുറപ്പെടുവിക്കുന്നു.

1) ലോക്ക്ഡൗണുമായി ബന്ധപ്പെട്ട് വായ്പ നൽകുമ്പോൾ തൊഴിലാളിയുടെ ആകെ വായ്പകൾ, (ഭവനവായ്പ ഒഴികെ),തൊഴിലാളിയുടെ ടിബിപിഎഫ് തുകയുടെ 80 % ത്തിൽ അധികരിക്കാതെ ക്രമീകരിക്കേണ്ടതാണ് .
2) ലോൺ തുക തൊഴിലാളിയുടെ 2019 -ഏപ്രിൽ മുതൽ 2020 ഫെബ്രുവരി വരെ ബോർഡ് മുഖേന വാങ്ങിയ വേതനത്തിന്റെ ശരാശരിയിൽ അതികരിക്കാതെ 100 രൂപയ്ക് റൗണ്ട് ചെയ്ത് നൽകാവുന്നതാണ് .
3) എന്നാൽ മേൽവ്യവസ്ഥപ്രകാരം 2000 രൂപ താഴെമാത്രം അർഹതയുള്ള തൊഴിലാളിയുടെ അപേക്ഷ ലഭിക്കുന്നപക്ഷം തൊഴിലാളിക്ക് മേൽവ്യവസ്ഥകൾക്ക് ഇളവുനൽകി പരമാവധി 2000/- രൂപ നൽകാവുന്നതാണ്.

ഒപ്പ്
ചീഫ് എക്സിക്യൂട്ടീവ്

സ്വീകർത്താവ്

ചെയർമാൻ, എല്ലാ ജില്ലാ കമ്മിറ്റി/ കൊച്ചിൻ പോർട്ട് ട്രസ്റ്റ് ഏരിയാകമ്മിറ്റി/ സബ് ഓഫീസുകൾ

പകർപ്പ്

ഫിനാൻസ് ഓഫീസർ/ സെക്രട്ടറി, കേ.ചു.തൊ.ക്ഷേമ ബോർഡ്, എറണാകുളം അക്കൗണ്ട്സ് ഓഫീസർ (W&E, P&A, IA, സ്കാറ്റേർഡ്),ജൂനിയർ സൂപ്രണ്ട് (ക്യാഷ്, ഫിനാൻസ്, ഓഡിറ്റ്),ഇ3, എഫ്1, എഫ്4, സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി, ബോർഡിന്റെ വെബ്സൈറ്റ്

//ഉത്തരവിൻ പ്രകാരം//

Jayap yalaash

ജൂനിയർ സൂപ്രണ്ട്